## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2441 19.06.2013-ൽ മറുപടിക്ക്**

### പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്

പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ചെറുകുന്ന്, കണ്ണപുരം, പട്ടുവം പഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ മുമ്പ് ഒഴിവാക്കിയ സ്ഥലങ്ങൾ കൂടി ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ വിശദാംശം നൽകുമോ ?

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

പട്ടുവം കുടിവെള്ള പദ്ധതി പ്രകാരം ചെറുകുന്ന് പഞ്ചായത്തിൽ 22 കിലോമീറ്ററും കണ്ണപുരം പഞ്ചായത്തിൽ 39 കി.മീറ്ററും പട്ടുവം പഞ്ചായത്തിൽ 22 കി.മീറ്ററും പൈപ്പ് ലൈനുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവയുടെ പ്രവൃത്തികൾ മിക്കവാറും പൂർത്തിയായി. വിതരണ ശൃംഖലയുടെ രണ്ടാം ഘട്ട വിപുലീകരണത്തിന്റെ നടപടികൾ ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ